**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5380** **15-03-2023 - ൽ മറുപടിയ്ക്ക്**

**യു.ജി.സി. ലൈബ്രേറിയൻ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നിലവിലുള്ള യു.ജി.സി. ലൈബ്രേറിയൻ തസ്തികകളിലേക്ക് പി.എസ്.സി. മുഖേന നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | യു.ജി.സി ലൈബ്രേറിയൻ തസ്തികയിലേക്ക് യു.ജി.സി വ്യവസ്ഥ ചെയ്തിട്ടുള്ള നിശ്ചിത യോഗ്യതയുള്ള കോമൺപൂൾ ലൈബ്രേറിയന്മാരിൽ നിന്നും യു.ജി.സി ലൈബ്രേറിയൻ തസ്തികയിലേക്ക് സ്പെഷ്യൽ റൂളിന്റെ കൂടി അടിസ്ഥാനത്തിൽ നിയമനം നടത്തിവരുന്നു.<br><br>ടി തസ്തികയിലേക്ക് പി.എസ്.സി മുഖേന നിയമനം നടത്തണമെന്ന് യു.ജി.സി നിഷ്കർഷിച്ചിട്ടില്ല. |
| (ബി) | ചട്ടങ്ങൾക്ക് വിരുദ്ധമായി കോമൺ പൂളിൽ നിന്നും ഓപ്ഷൻ നൽകി പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നത് അടിയന്തരമായി നിർത്തലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (ബി) | യു.ജി.സി ലൈബ്രേറിയൻ തസ്തികയിലേക്ക് യു.ജി.സി വ്യവസ്ഥ ചെയ്തിട്ടുള്ള നിശ്ചിത യോഗ്യതയുള്ള കോമൺപൂൾ ലൈബ്രേറിയന്മാരിൽ നിന്നും യു.ജി.സി ലൈബ്രേറിയൻ തസ്തികയിലേക്ക് സ്പെഷ്യൽ റൂളിന്റെ കൂടി അടിസ്ഥാനത്തിൽ നിയമനം നടത്തിവരുന്നു.<br><br>ടി തസ്തികയിലേക്ക് പി.എസ്.സി മുഖേന നിയമനം നടത്തണമെന്ന് യു.ജി.സി നിഷ്കർഷിച്ചിട്ടില്ല. |
| (സി) | യോഗ്യരായ നിരവധി ഉദ്യോഗാർത്ഥികൾ ഉള്ളപ്പോൾ യു.ജി.സി. റെഗുലേഷന് അനുസൃതമായി പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | യു.ജി.സി ലൈബ്രേറിയൻ തസ്തികയിലേക്ക് **പി.എസ്.സി. മുഖേന നിയമനം നടത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല.** |
| (ഡി) | കോളേജുകളിലെ എഡ്യൂക്കേഷൻ വകുപ്പിന് കീഴിലുള്ള മറ്റേതെങ്കിലും തസ്തികകളിൽ മേൽപ്പറഞ്ഞ പ്രകാരം ഓപ്ഷൻ നൽകി യു.ജി.സി. മാനദണ്ഡത്തിന് വിരുദ്ധമായി നിയമനം നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | ഇല്ല. |
| (ഇ) | നിലവിൽ ഒഴിവുള്ള ഒരു യു.ജി.സി. ലൈബ്രേറിയൻ തസ്തികയിലേക്ക് മേൽപ്പറഞ്ഞ രീതിയിൽ ഓപ്ഷൻ നൽകി നിയമനം നടത്തുന്നുണ്ടോ; എങ്കിൽ ആയത് അടിയന്തരമായി റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഇ) | കാസർകോട് സർക്കാർ കോളേജിൽ യു.ജി.സി ലൈബ്രേറിയൻ തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒരു ഒഴിവിലേക്ക് കോമൺപൂൾ ലൈബ്രേറിയന്മാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമനം |

| | | | |
|---|---|---|---|
| | | | നടത്തിയിട്ടുണ്ട്. അത് റദ്ദ് ചെയ്യുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല, |

സെക്ഷൻ ഓഫീസർ